**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1430** — **06/03/2018-ൽ മറുപടിയ്ക്ക്**

**മട്ടാഞ്ചേരി മരക്കടവിലെ അറവുശാല**

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 6.02.2007 മുതൽ അടച്ചിട്ടിരിക്കുന്ന മട്ടാഞ്ചേരി മരക്കടവിലെ അറവുശാല പുതുക്കി പണിയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ; | (എ) | കൊച്ചി നഗരസഭയുടെ ഉടമസ്ഥതയിലുള്ള മട്ടാഞ്ചേരി മരക്കടവ് അറവുശാല ആധുനികരീതിയിൽ പുനർ നിർമ്മിക്കുന്നതിനായി പാർട്ണർ കേരള മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയും M/s. വിർഗോ അക്വാ എന്ന സ്ഥാപനം ഇതിനായി പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. പാർട്ണർ കേരളാ മിഷൻ നിർത്തലാക്കിയതിന് പകരമായി ഇംപാക്ട് കേരള ലിമിറ്റഡ് എന്ന സ്ഥാപനം സർക്കാർ രൂപീകരിച്ചിട്ടുള്ളതാണ് കൊച്ചി നഗരസഭയുടെ 2017-18 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ടി പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ടി പ്രോജക്ട് നടപ്പിലാക്കുന്നതിനായി സോയിൽ ടെസ്റ്റ് കഴിഞ്ഞിട്ടുള്ളതും ശുചിത്വ മിഷനിൽ നിന്നും 24/11/2017 ൽ നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതുമാണ്. സ്ട്രക്ചറൽ പ്ലാൻ, ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ട് ആരും ഏറ്റെടുത്തിട്ടില്ലാത്തതാകുന്നു. ആതിനാൽ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ വിർഗോ അക്വാ എന്ന സ്ഥാപനത്തെ ഡി പി ആർ, സ്ട്രക്ചറൽ പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് ഏൽപ്പിക്കുന്ന വിഷയം കൊച്ചി നഗരസഭാ കൗൺസിലിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറവുശാല എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | ഭരണാനുമതി ലഭിച്ചാൽ 1 വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനാവുന്നതാണ്. |

സെക്ഷൻ ഓഫീസർ